പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3012 — 20.12.2012 -ൽ മറുപടിക്കുള്ളത്

## കുട്ടമംഗലം സർവ്വീസ് സഹകരണ ബാങ്ക് നടത്തിയ ഭൂമി വില്പന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. എം.എ. വാഹിദ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) 2007-ൽ കുട്ടനാട്ടിലെ ആർ. ബ്ലോക്കിലെ കുട്ടമംഗലം സർവ്വീസ് സഹകരണ ബാങ്ക് നടത്തിയ ഭൂമി വില്പന സംഭവത്തിൽ വിജിലൻസ് അന്വേഷണം നടത്താൻ ഉത്തരവിട്ടിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) എന്തെല്ലാം കാര്യങ്ങളിലാണ് വിജിലൻസ് അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(സി) ആർക്കെല്ലാം എതിരെയാണ് വിജിലൻസ് അന്വേഷണം നടത്തുന്നത്; വിശദമാക്കുമോ; | (എ) (ബി) (സി) കൈനകരി വില്ലേജിലെ R Block-ൽ 217 ഭൂരഹിത കർഷകർക്ക് സർക്കാർ 1977-78ൽ പതിച്ചു കൊടുത്ത 151.33 ഏക്കർ മിച്ചഭൂമി കുട്ടമംഗലം സർവ്വീസ് സഹകരണ ബാങ്കിൽ 1987-90 ൽ പണയപ്പെടുത്തുകയും അതിൽ 216 പേരുടെ വായ്പ വീഴ്ച വന്നതിന്റെ അടിസ്ഥാനത്തിൽ ബാങ്ക് പണയ ഭൂമി ലേലത്തിൽ വയ്ക്കുകയും പിന്നീട് ഒരു വ്യക്തിക്ക് വില്പന നടത്തുകയും ചെയ്തു. ഈ കൈമാറ്റത്തിലും മറ്റും ക്രമക്കേടുകൾ ഉണ്ടെന്ന് സർക്കാർ പ്രഥമ ദൃഷ്ട്യാ കണ്ടെത്തിയതിനാൽ കൂടുതൽ അന്വേഷണത്തിനായി വിജിലൻസ് വകുപ്പിനെ ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) അന്വേഷണം പൂർത്തിയാക്കുന്നതുവരെ ഇതിൽ ഉൾപ്പെട്ട വസ്തുക്കളിൽ പോക്കുവരവ് നടത്തുന്നത് നിർത്തിവയ്ക്കാനും ഭൂമിയുടെ ഇപ്പോഴത്തെ അവസ്ഥ നിലനിർത്തുവാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) ഈ വസ്തുക്കളിൽ പോക്കുവരവ് നടത്തുന്നത് നിർത്തിവെയ്ക്കുവാനും ഭൂമിയുടെ ഇപ്പോഴത്തെ അവസ്ഥ നിലനിർത്തുന്നതിനും ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും, നിർദ്ദേശം പാലിക്കപ്പെട്ടിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ